DESPATCHED On..22..2..2020

1/1/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ AP. 2988(2)/2018/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. 9508/എസ്.ഐ.സി–ജി 6/2018)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ. ഫിലിപ്പ് പി.വി
'പുതുശ്ശേരി ഹൗസ്',
നടുവിൽ (വഴി),
കുടിയൻമല. പി. ഒ., കണ്ണൂർ.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി
പൊതുഭരണ (സർവ്വീസസ് ഡി )വകുപ്പ്
ഗവൺമെന്റ് സെക്രട്ടറിയറ്റ്, തിരുവനന്തപുരം

2. അപ്പീൽ അധികാരി &
സ്പെഷ്യൽ സെക്രട്ടറി
പൊതുഭരണ (സർവ്വീസസ് ഡി) വകുപ്പ്
ഗവൺമെന്റ് സെക്രട്ടറിയറ്റ്, തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 07.07.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 21.07.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 27.07.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 16.08.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 03.09.2018 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 06.09.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 25.03.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 12.04.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 07.09.2019 – കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 07.07.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് ഇനം 1-ൽ 2010-14 വർഷത്തെ മികച്ച കായികതാരങ്ങൾക്കുള്ള ജോലി നൽകുന്നതിൽ ഓരോ വർഷവും ഹാൻഡ്ബോളിൽ നിന്നും എത്ര വേക്കൻസിയാണെന്നും, ഇനം 2-ൽ 2010-14 വർഷത്തെ ഗവൺമെന്റ് സർവ്വീസ് ജോലി നൽകുന്നതിൽ ഹാൻഡ്ബോളിൽ നിന്നും എത്ര പേരെയാണ് സർട്ടിഫിക്കറ്റ് വെരിഫൈ ചെയ്തതിൽ പരിഗണിച്ചത് എന്നും, ഇവരുടെ അച്ച്യൂമെന്റ്സ് ഏതാണെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 21.07.2018 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഇനം 1-ന് 2010-14 വർഷത്തെ സ്പോർട്ടസ് ക്വാട്ട നിയമനത്തിന് ഓരോ കായിക ഇനത്തിനും പ്രത്യേകമായി ഒഴിവുകൾ നീക്കിവച്ചിട്ടില്ലെന്നും, ഓരോ കലണ്ടർ വർഷത്തെയും 50 ഒഴിവുകളിൽ 25എണ്ണം വ്യക്തിഗത ഇനങ്ങൾക്കായും 25 എണ്ണം ടീം ഇനങ്ങൾക്കായും നീക്കിവച്ചിട്ടുണ്ടെന്നും, ഇനം 2- ന് 2010-14 വർഷത്തെ സ്പോർട്ട് ക്വാട്ട നിയമനത്തിനായി സർട്ടിഫിക്കറ്റ് പരിശോധനയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നതിനാൽ ഇക്കാര്യം സംബന്ധിച്ച വിവരം ഇപ്പോൾ ലഭ്യമാക്കുവാൻ നിർവ്വാഹമില്ലെന്നുമാണ്.

4. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 27.07.2018 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടി തൃപ്തികരമല്ല എന്നും , ഇനം 1-ൽ 2010-14 വർഷത്തെ ഗവൺമെന്റ് സർവ്വീസ് ജോലി നൽകുന്നതിൽ ഹാൻഡ്ബോളിൽ നിന്നും എത്ര പേരെയാണ് സർട്ടിഫിക്കറ്റ് വെരിഫൈ ചെയ്തതിൽ പരിഗണിച്ചത് എന്നും, ഇവരുടെ അച്ച്യൂമെന്റ്സ് ഏതാണെന്നും, ഇനം 2-ൽ മേൽപറഞ്ഞതിന് മറുപടി അനുവദിക്കുമ്പോൾ സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് എത്ര പേർ ഹാജരായിട്ടുണ്ടെന്നും, എത്രപേരെ ഇതുവരെ പരിഗണിച്ചിട്ടുണ്ടെന്നും

അത്തരത്തിൽ പരിഗണിച്ചവരുടെ പേരും മേൽവിലാസവും അടങ്ങിയ ലിസ്റ്റ് എന്നിവയുടെ വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

5. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ രണ്ടാം എതിർകക്ഷി 16.08.2018 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, 2010–14 വർഷത്തിലെ സ്പോർട്ടസ് ക്വാട്ട നിയമനം സംബന്ധിച്ച നടപടിക്രമങ്ങൾ നടന്നു വരുന്നതേയുള്ളുവെന്നും, സ്പോർട്ട്സ് ക്വാട്ട നിയമനത്തിനായി ഹാൻഡ്ബോൾ ഇനത്തിൽ 12 കായിക താരങ്ങളുടെ സർട്ടിഫിക്കറ്റുകൾ വെരിഫിക്കേഷൻ സമയത്ത് പരിശോധിച്ചിട്ടുണ്ടെന്നും, സ്പോർട്ട്സ് ക്വാട്ട നിയമനത്തിൽ അന്തിമ തീരുമാനം കൈകൊണ്ടതിനുശേഷം മാത്രമേ സർട്ടിഫിക്കറ്റ് വെരിഫിക്കേഷനു വേണ്ടി ഹാജരായവരിൽ എത്രപേരെ പരിഗണിച്ചിട്ടുണ്ടെന്നറിയാൻ സാധിക്കുകയുള്ളുവെന്നുമാണ്.

6. 12.14.2019 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 2010–14 വർഷത്തെ സ്പോർട്ട്സ് ക്വാട്ടാ നിയമന്തിനായി അപേക്ഷ സമർപ്പിച്ചവരിൽ ഹാൻഡ്ബോൾ ഇനത്തിൽ 12 കായികതാരങ്ങൾ സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി പങ്കെടുത്തിരുന്നുവെന്നും, ടി താരങ്ങളുടെ പേരും വിലാസവും അവരുടെ കായികനേട്ടങ്ങളുടെയും ലിസ്റ്റ് നൽകുന്നുവെന്നും, 2010–14 വർഷത്തിൽ ഒരാൾക്ക് മാത്രമാണ് നിയമനം നൽകിയതെന്നും 08.02.2019ലെ സെലക്ട് ലിസ്റ്റും 15.07.2019ലെ പുതുക്കിയ സെലക്ട് ലിസ്റ്റും സമർപ്പിക്കുന്നുവെന്നുമാണ്.

7. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും, എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് എന്നിവ പരിശോധിച്ചതിലും, കമ്മീഷൻ മുമ്പാകെ ഹാജരായ എസ്.പി.ഐ.ഒ. യുടെ മൊഴിയുടെ അടിസ്ഥാനത്തിലും, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേ ദിവസം 2020 ജനുവരി 1–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**